**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2443** **12-10-2021 - ൽ മറുപടിയ്ക്ക്**

**ബാംബൂ കോർപ്പറേഷന് കീഴിൽ നടക്കുന്ന അഴിമതിയും ധൂർത്തും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ബാംബൂ കോർപ്പറേഷനിൽ അഴിമതിയും ധൂർത്തും നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2016-ൽ വന്ന ബോർഡ്, അഴിമതിക്കാരായ ചില ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുവാൻ ശിപാർശ ചെയ്യുകയുണ്ടായി. ഇതിന്റെ ഭാഗമായി പത്തനംതിട്ടയിൽ 3 ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും, ബോർഡിന്റെ അംഗീകാരത്തോടെ അവരെ സ്ഥലംമാറ്റുകയും സാമ്പത്തിക ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥരെ പിരിച്ചുവിടുകയും, ഇതുമായി ബന്ധപ്പെട്ട് കേസുകൾ കോടതിയുടെ പരിഗണനയിലുമാണ്. |
| (ബി) | പ്രസ്തുത കോർപ്പറേഷനിൽ കഴിഞ്ഞ മൂന്നുവർഷത്തിനിടെ 33.59 കോടി രൂപയുടെ നഷ്ടവും അഴിമതിയും അക്കൗണ്ടന്റ് ജനറൽ കണ്ടെത്തിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2017-18, 2018-19, 2019-20 കാലഘട്ടങ്ങളിൽ കോർപ്പറേഷന് മൊത്തമായി 33.59 കോടി രൂപ നഷ്ടം അക്കൗണ്ടന്റ് ജനറൽ (പ്രൊവിഷണൽ) നിരീക്ഷിച്ച് കണ്ടെത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് എ.ജി യ്ക്ക് നൽകേണ്ട വിശദീകരണം ബോർഡിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഇത് സംബന്ധിച്ച് പരിശോധന നടക്കുന്നുണ്ടോയെന്നും പരിശോധന എന്ന് പൂർത്തിയാകുമെന്നും ആരെയാണ് പരിശോധനയ്ക്ക് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ? | (സി) | അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ